**തൃശ്ശൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി**

2 (747) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്രപേർ നിലവിൽ ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 761 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരാളും ലൈഫ് മിഷൻ പദ്ധതിയിൽ അപേക്ഷ നൽകിയിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടുകളുടെ അറ്റകുറ്റപ്പണിക്കായി അനുവദിക്കുന്ന സാമ്പത്തിക സഹായം**

3 (748) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുൾപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി സാമ്പത്തിക സഹായം പ്രസ്തുത വകുപ്പ് മുഖേന നല്കിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ അപേക്ഷ നൽകേണ്ടത് എവിടെയാണെന്നും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; അപേക്ഷാ ഫോറത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പരമാവധി എത്ര രൂപയാണ് ഒരു അപേക്ഷയിന്മേൽ അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ?

(എ-സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി 2016-17 സാമ്പത്തിക വർഷം വരെ വകുപ്പിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിരുന്നു. നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല.

**വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം**

4 (749) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപണിക്ക് ഏതുവർഷം വരെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016-17 സാമ്പത്തിക വർഷം വരെ പട്ടികജാതി വികസന വകുപ്പ് മുഖേന വീട് അറ്റകുറ്റപ്പണിക്ക് ധനസഹായം അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി വീണ്ടും നടപ്പിലാക്കുന്ന വിഷയം നിലവിൽ സർക്കാർ പരിഗണനയിലില്ല.

### പട്ടികജാതി-വർഗ്ഗ-ഗോത്ര ഭവനരഹിതരുടെ കണക്ക്

5 (750) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ ഗോത്രങ്ങളിൽപ്പെട്ട ഭവനരഹിതരായവരുടെ ജില്ല തിരിച്ചും വിഭാഗം തിരിച്ചുമുള്ള പട്ടിക വെളിപ്പെടുത്താമോ;

(ബി) ഇവരിൽ എത്രപേർക്ക് വകുപ്പുതലത്തിൽ വീട് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് 'ലൈഫ്' പദ്ധതി പ്രകാരം വീട് നൽകിയിട്ടുണ്ടെന്നും ഇനം തിരിച്ചും ജില്ല തിരിച്ചും അറിയിക്കുമോ;

(സി) സർക്കാർ രണ്ട് ലക്ഷത്തിലേറെ പേർക്ക് ലൈഫ് പദ്ധതി പ്രകാരം വീട് നിർമ്മിച്ചു നൽകിയതിൽ എത്ര പട്ടികജാതി, പട്ടികവർഗ, ഗോത്ര വിഭാഗങ്ങളെ ആയതിൽ ഉൾപ്പെടുത്തിയെന്നത് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) അനുബന്ധമായി* ചേർക്കുന്നു.

(ഡി) ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് പട്ടയ മേളയിലൂടെ ഭൂമി വിതരണം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പ് മുഖേന പട്ടയ വിതരണം നടപ്പിലാക്കി വരുന്നുണ്ട്.

### അഴീക്കോട് മണ്ഡലത്തിലെ ഭവന/ഭൂരഹിതരായ പട്ടികജാതി/ പട്ടികവർഗ്ഗ കുടുംബങ്ങൾ

6(751) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കോട് മണ്ഡലത്തിൽ ഭവനരഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly